ശ്രീ. എ. എ. റഹിം : മെമ്മോറാണ്ടം ദീർഘമായ കത്താണ്. അതു വായിക്കുകയാണെങ്കിൽ അതിനു വളരെ സമയം വേണ്ടിവരും.

ശ്രീ. വി. ശ്രീധരൻ : കഴിവു വരുന്ന സമാനങ്ങളിൽ ഈ കണ്ടിജൻസി ജീവനക്കാരെ നിയമിച്ചുവരുന്നുണ്ടെന്ന് അറിയാമോ?

ശ്രീ എ. എ. റഹിം : അതു് ഒരു ജനറൽ കപ്സ്റ്റ്രനായി ഡീൽ ചെയ്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. വി. ശ്രീധരൻ : കണ്ടിജൻസി ജീവനക്കാരെ സ്ഥിരം സർവ്വീസിൽ എടുക്കേണ്ടതു് ആവശ്യമാണെന്നു് ഗവണ്മെൻറ് കരുതുന്നുണ്ടോ?

ശ്രീ. എ. എ. റഹിം : ആവശ്യമാണ്.

ശ്രീ. ടി. കെ. ദിവാകരൻ : അവരെ പെൻഷനബിൾ സർവ്വീസിലെടുക്കാമോ?

ശ്രീ. എ. എ. റഹിം : അതുതന്നെയാണു പറഞ്ഞതു് ആവശ്യമാണ് എന്നു്. അതു ജനറൽ കപ്സ്റ്റ്രനായി ഡീൽ ചെയ്യുകയാണ്.

ശ്രീ. പ്രാക്കുളം ഭാസി : കണ്ടിജൻസി ജീവനക്കാരെ സംബന്ധിച്ചിടത്തോളം ജോലിസമയത്തിനു ക്ലിപ്തതയുണ്ടോ?

ശ്രീ. എ. എ. റഹിം : ഉണ്ടു്.

ശ്രീ. പ്രാക്കുളം ഭാസി : എത്ര മണിക്കൂറാണു്?

ശ്രീ. എ. എ. റഹിം : എത്ര മണിക്കൂറാണെന്നു പറയാൻ നോട്ടീസു വേണം.

ശ്രീ. പ്രാക്കുളം ഭാസി : സമയക്ലിപ്തതയില്ലെന്നുള്ള കാര്യം കൂടി മെമ്മോറാണ്ടത്തിൽ പറഞ്ഞിട്ടുണ്ടെന്നു് അറിയാമോ?

ശ്രീ. എ. എ. റഹിം : ക്ലിപ്തമായ ജോലി സമയം ഉണ്ടെന്നു അറിയാം. പക്ഷേ അതു കൂടിപ്പോയെന്നുള്ളതാണു പരാതി.

താണ ജീവനക്കാരുടെ ഹൗസിംഗ് സ്കീം.

* 33. [5] ശ്രീ. പി. ഗോപാലൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണ പ്രകൃപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) താണ ജീവനക്കാരുടെ (ലോ ഇൻകം ഗ്രൂപ്പ്) ഹൗസിംഗ് സ്കീമനുസരിച്ചു് എന്തെല്ലാം നിർദ്ദേശങ്ങളാണ് ആവശ്യപ്പെട്ടിട്ടുള്ളതു്

(ബി) എത്രയെല്ലാം സർട്ടിഫിക്കറ്റുകളാണ് വേണമെന്നു നിർദ്ദേശിച്ചിട്ടുള്ളതു്;

(സി) വായ്പയുടെ നിബന്ധനകൾ എന്തെല്ലാമാണ്?

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ)-യും (ബി)-യും താഴെ പറയുന്ന പ്രമാണങ്ങളും ഹാജരാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

1. നിശ്ചിത ഫാറത്തിലുള്ള അപേക്ഷ.

2. പണിയിക്കാനുദ്ദേശിക്കുന്ന വീട്ടിന്റെ എസ്റ്റിമേറ്റ്.

3. ടി വീട്ടിന്റെ പ്ലാൻ.

4. വീട് പണിയിക്കാനുദ്ദേശിക്കുന്ന് സ്ഥലത്തിന്റെ സ്കെച്ചും, മഹസ്സറും.

5. ടി സ്ഥലത്തിനെ സംബന്ധിച്ചുള്ള തണ്ടപ്പേര് രജിസ്റ്ററിന്റെ പകർപ്പ്.

6. ടി സ്ഥലത്തിനെ സംബന്ധിച്ച് 24 വർഷത്തിനു മുൻപുവരെയുള്ള പ്രമാണങ്ങളും.

7. ടി സ്ഥലത്തിന്റെ 24 വഷ്ത്തെ ബാദ്ധ്യത സർട്ടിഫിക്കറ്റ്.

8. ടി സ്ഥലം അപേക്ഷകന്റെ കൈവശത്തിലും, അനുഭവത്തിലുമാണെന്നുള്ളതിനു് സർട്ടിഫിക്കറ്റ്.

9. അപേക്ഷകന്റെ ഒരാണ്ടത്തെ വരവിനെ കാണിക്കുന്ന സർട്ടിഫിക്കറ്റ്.

(സി) വായ്പയുടെ നിബന്ധനകളും അടങ്ങിയിട്ടുള്ള ഒരു പുസ്തകം* മേശപ്പുറത്തു് വച്ചിരിക്കുന്നു. കൂടാതെ വായ്പയുടെ നിബന്ധനകളും 1.11.55-ലെ ഗവണ്മെന്റ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുമുണ്ട്.

ശ്രീ. പി. ഗോപാലൻ: ഇതുവരെ എത്ര ആളുകൾക്കു് വായ്പ കൊടുത്തിട്ടുണ്ട്?

ശ്രീ. കെ. കൊച്ചുകുട്ടൻ: ആർക്കും കൊടുത്തിട്ടില്ല.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: ആവശ്യമുള്ള പ്രമാണങ്ങളും ഹാജരാക്കിയാലും ആവശ്യപ്പെട്ടിരിക്കുന്ന ഉടൻ തരുമിച്ചു് കൊടുക്കാറില്ലെന്നു് അറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: തവണകളിലായിട്ടാണു് കൊടുക്കുന്നതു്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: അങ്ങനെ തവണകളിലായി കൊടുക്കുന്നതുകൊണ്ടു് കൂടുതലായ പ്രമാണങ്ങളും ഹാജരാക്കേണ്ടിവരുന്നുവെന്നു് അറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: വേണ്ടിവരും. എന്നാൽ അതുകൊണ്ടു് താമസമുണ്ടാകാതിരിക്കുന്നതിനായി വേണ്ട ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുണ്ടു്.

ശ്രീ. കുട്ടപ്പൻ കോയിക്കൽ: പ്രമാണങ്ങളും ഹാജരാക്കിയാൽ എത്ര ദിവസത്തിനകം പണം കൊടുക്കും?

* Placed in the Library

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കൊച്ചുകുട്ടൻ : പ്രമാണങ്ങളെ സംബന്ധിച്ചിടത്തോളം ഉദ്യോഗസ്ഥന്മാരെ ബോദ്ധ്യപ്പെടുത്തിയാൽ താമസിയാതെ തന്നെ പണം കൊടുക്കും. മൂന്നു തവണകളിലായിട്ടാണ് കൊടുക്കുന്നത്.

ശ്രീ. പ്രാക്കുളം ഭാസി : ഈ നിയമങ്ങൾക്ക് ഈയിടെ ഭേദഗതി വല്ലതും വരുത്തിയിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഇല്ല.

ശ്രീ. പ്രാക്കുളം ഭാസി : 24 കൊല്ലത്തെ സർട്ടിഫിക്കറ്റ് തഹശിൽദാർ മുഖേന ഹാജരാക്കണമെന്ന് നിയമത്തിൽ ഭേദഗതി വരുത്തിയിട്ടില്ലേ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അത് ഇപ്പോൾ കാക്കുന്നില്ല, ഒരുപക്ഷേ അങ്ങനെ വേണ്ടിവന്നേയ്ക്കും. ഈ പണം മടക്കിക്കിട്ടേണ്ടതാകയാൽ അതിനാവശ്യമുള്ള നടപടികൾ എല്ലാം ഗവണ്മെൻറിന് സ്വീകരിക്കേണ്ടതായി വരും.

ശ്രീ. പ്രാക്കുളം ഭാസി : ഈ കാര്യം ഈ നിയമങ്ങൾ ഉണ്ടാക്കുമ്പോൾ തന്നെ അറിഞ്ഞുകൂടായിരുന്നോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : തെറ്റുപറ്റാം,, തെറ്റു പറ്റിയാൽ പിന്നീട് തിരുത്തുകയും ചെയ്യാം.

ശ്രീ. പ്രാക്കുളം ഭാസി : കുറെ ഴിഞ്ഞിട്ട് ഡിസ്ട്രിക്ട് കലക്ടർ മുഖാന്തരം ബയ്യ.ണ.മെന്ന് പറഞ്ഞതുകൊണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതിന്റെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. പി. ഗോപാലൻ നായർ : ഇപ്പോഴത്തെ നിയമം വച്ചുകൊണ്ട് നോക്കുമ്പോൾ കിൽ വായ്പ ലഭിക്കുന്നതിനു ഒരു പഞ്ചവത്സരപദ്ധതി തന്നെ വേണ്ടിവരികയില്ലേ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : വേണ്ടിവരികയില്ല.

ശ്രീ. കെ. എം ജാർജ് : ഇതിൽ പറയുന്ന സ്കീമും പ്ലാനും ആരുണ്ടാക്കിയതായിരിക്കണം ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അസിസ്റ്റൻറ് ഇൻജിനീയർ.

ശ്രീ. കെ. എം. ജാർജ് : ഇതിനകം എത്ര അപേക്ഷകൾ കിട്ടിയിട്ടുണ്ട് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : എഴുപതിൽപ്പരം അപേക്ഷകൾ കിട്ടിയിട്ടുണ്ട്.

ശ്രീ. ആർ. സുഗതൻ : ഇതിൽ പറയുന്ന വ്യവസ്ഥകളെല്ലാം പൂർത്തിയാക്കിക്കഴിഞ്ഞാൽ ആ ഉദ്യോഗസ്ഥൻ പെൻഷനു പ്രാരംഭമായി അപേക്ഷ കൊടുക്കുകയാണെങ്കിൽ എന്തു ചെയ്യും ?

(ഉത്തരമില്ല.)

LIBRARY ARCHIVES Kerala Legislative Assembly